# 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1902** **02-02-2024 - ൽ മറുപടിയ്ക്ക്**

## വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡപകടങ്ങൾ വർധിക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിശോധിച്ചു വരുന്നു. |
| (ബി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | സേഫ് കേരള പദ്ധതി പ്രകാരം 2018വർഷത്തിൽ 51 പുതിയ എൻഫോഴ്സ്മെന്റ്സ്ക്വാഡുകൾ അനുവദിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന 34 സ്ക്വാഡുകൾ ചേർത്ത് ആകെ 85 സ്ക്വാഡുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തിവരുന്നു. പ്രസ്തുത സ്ക്വാഡുകൾ വാഹനപരിശോധനയ്ക്കു പുറമേ റോഡു സുരക്ഷാ ബോധവൽക്കരണ പരിപാടികൾസംഘടിപ്പിക്കുക, റോഡ് അപകടങ്ങൾക്കുകാരണമാകുന്ന വിഷയങ്ങൾ കണ്ടെത്തി ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖേന പരിഹാരം കാണൽ എന്നീ ചുമതലകൾ കൂടി നിറവേറ്റുന്നു. പ്രസ്തുത വാഹന പരിശോധനകൾക്ക് പുറമേ, 2020 വർഷത്തിൽ 726 എ ഐ ക്യാമറ സംവിധാനങ്ങൾ സ്ഥാപിക്കുകയും, ആയത് 2023 ജൂൺ മാസം മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.പ്രസ്തുത ക്യാമറകൾ മുഖേന കൂടുതലായി നിയമലംഘനങ്ങൾ കണ്ടെത്തുവാനും നടപടികൾ സ്വീകരിക്കുവാനും സാധിക്കുന്നുണ്ട്. |
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി വേണ്ടത്ര ജീവനക്കാർ ഇല്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മോട്ടോർ വാഹന വകുപ്പിൽ സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | മോട്ടോർ വാഹനവകുപ്പിൽ സ്റ്റാഫ് പാറ്റേൺപുനഃക്രമീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ